ശാസ്ത്രീയമായ പഠനത്തിന്റെ പശ്ചാത്തലത്തിൽ വേണം ഏതെല്ലാം സ്കൂളുകൾ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററിയായി ഉയർത്തേണ്ടത് എന്ന് കണ്ടെത്താൻ. ഈ നടപടികൾ കൈക്കൊള്ളുന്ന ഘട്ടത്തിൽ തിരുവല്ല നിയോജകമണ്ഡലത്തിലെ തിരുമൂലപുരം എസ്. എൻ. വി. ഹൈസ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(11) ജില്ലകളുടേയും താലൂക്കുകളുടേയും പുനഃസംഘടന

ശ്രീ. സി. പി മുഹമ്മദ്: സർ, കേരളത്തിലെ ജില്ലകളും താലൂക്കുകളും പുനഃസംഘടിപ്പിക്കണമെന്ന ആവശ്യത്തിന് ഒരുപാട് വർഷത്തെ പഴക്കമുണ്ട്. ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ ഭൂമിശാസ്ത്രപരമായും ജനസംഖ്യാനുപാതികവുമായാണ് പുനഃസംഘടിപ്പിക്കപ്പെടുന്നത്. 3 നിയോജക മണ്ഡലങ്ങളുള്ള വയനാടും 5 നിയോജകമണ്ഡലങ്ങളുള്ള ഇടുക്കിയും 7 നിയോജകമണ്ഡലങ്ങളുള്ള പത്തനംതിട്ടയും എന്നോ ജില്ലയായി മാറി. മൂവാറ്റുപുഴ ജില്ലയും വള്ളുവനാട് ജില്ലയും വേണമെന്ന ആവശ്യം ഒരുപാട് കാലങ്ങളായി ഉന്നയിക്കുകയാണ്. അതുപോലെ ആലപ്പുഴ ജില്ലയേക്കാൾ വലിപ്പമുള്ള ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്ക് ആക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. യശശ്ശരീരനായ മുൻ കേരളാ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് തന്റെ നടക്കാതെ പോയ ഒരു സ്വപ്നമാണ് പട്ടാമ്പി താലൂക്ക് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ പല പ്രധാനപ്പെട്ട താലൂക്കുകളുമുണ്ട്. അതുകൊണ്ട് ജില്ലകളും താലൂക്കുകളും അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിനും ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, വിസ്തൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ ഇവ ചൂണ്ടിക്കാട്ടി ജില്ലകളും താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി ആവശ്യങ്ങൾ വർഷങ്ങളായി ഉന്നയിക്കപ്പെടുന്നതാണ്. ഇക്കാര്യം പരിശോധിക്കാൻ വിവിധ കമ്മിറ്റികളെ സർക്കാർ അതാത് കാലങ്ങളിൽ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുള്ളതുമാണ്. ചില താലൂക്കുകളും വില്ലേജുകളും ഭൂമിശാസ്ത്രപരമായിത്തന്നെ അതിന്റെ വിസ്തൃതികൊണ്ടും ഭരണപരമായ കാര്യങ്ങൾക്കൊണ്ടും പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുകയും അതോടൊപ്പംതന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കേണ്ടതുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുനഃസംഘടിപ്പിക്കേണ്ട താലൂക്കുകളുടെ മുൻഗണനാലിസ്റ്റും ഇതിൽ ചില സമിതികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ ഈ വിഷയങ്ങളെല്ലാം പരിശോധിച്ചുവരികയാണെങ്കിലും ഇതൊരു നയപരമായ പ്രശ്നമാണ്. എന്നാൽ സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly